പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3924

24.6.2014 ൽ
മറുപടിയ്ക്ക്

## കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഐ.ടി. പാർക്ക്

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു ; | | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ എന്ന സ്ഥലത്ത് ആരംഭിക്കാൻ നിശ്ചയിച്ച ഐ.ടി. പാർക്ക് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | കണ്ണൂർ ജില്ലയിൽ മയ്യിൽ എന്ന സ്ഥലത്ത് ഐ.ടി. പാർക്ക് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടായിരുന്നില്ല. ടെക്നോലോഡ്ജ് പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നത്. സർക്കാരിന്റെയോ പഞ്ചായത്തുകളുടേയോ കൈവശമുള്ള ഉപയോഗിക്കാതെയിരിക്കുന്ന കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തി ടെക്നോലോഡ്ജ് കേന്ദ്രങ്ങൾ സ്ഥാപിക്കുവാനായിരുന്നു പദ്ധതിയിട്ടിരുന്നത്. എന്നാൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കൈവശത്തുനിന്നും കെ.എസ്.ഐ.ടി.ഐ.എല്ലിന് കൈമാറിയ 3.08 ഏക്കർ സ്ഥലത്ത് പണി പൂർത്തിയാകാത്ത 15 ഷെഡുകൾ മാത്രമാണുള്ളത്. അവിടെ പ്രവർത്തന ക്ഷമമായ ടെക്നോലോഡ്ജ് വരണമെങ്കിൽ വൻതുക ചെലവഴിക്കേണ്ടതുണ്ട്. ടെക്നോലോഡ്ജ് ഏറ്റെടുക്കുവാൻ ഐ.ടി. കമ്പനികൾ താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ ഈ ടെക്നോലോഡ്ജ് പദ്ധതി തുടരേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) | ഐ.ടി. പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ